(ഡി) ഈ കേസിൽ കമ്പനി ഉൾപ്പെടെ 23 പ്രതികളുണ്ട്. 8 പേരെ അറസ്റ്റ് ചെയ്തു. ടി 8 പേർക്കും ബഹുമാനപ്പെട്ട കോടതിയിൽനിന്നും ജാമ്യം ലഭിച്ചു.

(ഇ) ഈ കേസ് സംബന്ധിച്ച് ലൂക്ക്ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടില്ല. ജാമ്യത്തിലിറങ്ങിയ പ്രതികൾ കടന്നുകളഞ്ഞതായി വിവരം ലഭിച്ചിട്ടില്ല.

അമിതപലിശയ്ക്ക് കടംകൊടുക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും

173 (6322) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൊള്ളപ്പലിശയ്ക്ക് പണം കടം കൊടുക്കുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ലിസ്റ്റ് നൽകാമോ ; ജില്ലാടിസ്ഥാനത്തിൽ വിവരം നൽകാമോ ;

(ബി) കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 1-4-2014 മുതൽ നാളിതുവരെ എത്രപേർക്കെതിരെ കേസെടുത്തു ; അവർ ആരെല്ലാം ; വിശദാംശം ലഭ്യമാക്കാമോ ;

(സി) സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്ഥാപനങ്ങളുടെ വിശദാംശം നൽകാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൊള്ളപ്പലിശയ്ക്ക് പണം കടംകൊടുക്കുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധം (എ) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) കൊള്ളപ്പലിശക്കാരെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 1-4-2014 മുതൽ നാളിതുവരെ 2495 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. അവർ ആരെല്ലാം എന്ന വിവരം അനുബന്ധം (ബി) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) ഉണ്ട്. സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം (സി) ആയി ഉൾപ്പെടുത്തിയിരിക്കുന്നു.*

അനധികൃത പണമിടപാട് സ്ഥാപനങ്ങൾ

174 (6323) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലും വൈക്കം നിയോജകമണ്ഡലപരിധിയിലും എത്ര കേന്ദ്രങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി എത്ര പേരെ അറസ്റ്റുചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ നടത്തിയ റെയ്ഡിൽ പണമോ മുദ്രപ്പത്രങ്ങളോ പിടിച്ചെടുത്തിട്ടുണ്ടോ ;

(സി) പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട റെയ്ഡുകൾ ഇപ്പോഴും തുടരുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട റെയ്ഡുകളിൽ വൈക്കം മണ്ഡലത്തിൽ അനധികൃതമായി നടത്തുന്ന ഏതെങ്കിലും ചിട്ടിസ്ഥാപനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ 36 പണമിടപാട് സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും രണ്ടുപേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വൈക്കം നിയോജകമണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ 7 പണമിടപാട് സ്ഥാപനങ്ങളിൽ പരിശോധന നടത്തിയെങ്കിലും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) 4 മുദ്രപത്രങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

(സി) ഇപ്പോഴും തുടരുന്നുണ്ട്.

(ഡി) ഇല്ല.

ഓപ്പറേഷൻ കുബേരയുടെ ഭാഗമായിട്ടുള്ള നടപടി

175 (6324) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ട ഡി.സി.സി. മുൻ അംഗം ശശീന്ദ്രബാബുവിന്റെ കൈവശം ഉണ്ടായിരുന്ന എന്തെല്ലാം രേഖകളും മറ്റ് വസ്തുക്കളുമാണ് പോലീസ് റെയ്ഡിൽ പിടിച്ചെടുത്തതെന്ന് വ്യക്തമാക്കാമോ ;

(ബി) ടിയാനോ ടിയാന്റെ സഹായികൾക്കോ മറ്റേതെങ്കിലും കേസ്സുമായി ബന്ധമുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ടിയാനുമായി ബന്ധപ്പെട്ട ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ട ഡി.സി.സി. മുൻ അംഗം ശശീന്ദ്രബാബുവിന്റെ കൈവശം ഉണ്ടായിരുന്ന പിടിച്ചെടുത്ത വസ്തുക്കളുടെയും രേഖകളുടെയും വിവരം ചുവടെ ചേർക്കുന്നു :

1. വിവിധ ബാങ്കുകളുടെ തുക എഴുതിയും എഴുതാത്തതുമായി 12 ചെക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly